(ബി) കഴിഞ്ഞ സീസണിൽ ഉണ്ടായതുപോലെയുള്ള അഗ്നിബാധ ഒഴിവാക്കാൻ അപ്പം-അരവണ നിർമ്മാണവും, പ്രസാദനിർമ്മാണ കേന്ദ്രങ്ങളുടെ സമീപം സ്ഥിതിചെയ്യുന്ന ഡീസൽ സ്റ്റോറേജ് ടാങ്കുകളും ക്ഷേത്ര കെട്ടിടത്തിൽനിന്നും മാറ്റുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസാദ നിർമ്മാണ കേന്ദ്രങ്ങളുടെ സമീപത്ത് ഫയർ ഹൈഡ്രന്റുകൾ സ്ഥാപിക്കുക, ട്രാൻസ്ഫോർമറുകൾ മാറ്റിസ്ഥാപിക്കുക എന്നിവയ്ക്കുള്ള നടപടികൾ നടന്നുവരുന്നു.

(സി) പാർക്കിംഗിന് പമ്പയിലും പരിസര പ്രദേശത്തും ലഭ്യമായിട്ടുള്ള സ്ഥലം പരിമിതമാണ്. വനസംരക്ഷണ നിയമംമൂലം കൂടുതൽ വനഭൂമി വിട്ടു കിട്ടുന്നതിനും ബുദ്ധിമുട്ടുണ്ട്. നിലവിലുള്ള പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഏറ്റവും അനുയോജ്യവും, തീർത്ഥാടകർക്ക് പരമാവധി അസൗകര്യങ്ങൾ ഒഴിവാക്കിക്കൊണ്ടുമുള്ള പാർക്കിംഗ് ക്രമീകരണമാണ് നിലവിൽ പാലിച്ചുപോരുന്നത്.

പമ്പയിൽനിന്ന് സന്നിധാനത്തിലേക്ക് റോപ്പ് വേ

69 [3795] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

,, വി. ഡി. സതീശൻ:

,, ടി. യു. രാധാകൃഷ്ണൻ:

,, വി. ജെ. പൗലോസ്:

,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേത്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പയിൽ നിന്ന് സന്നിധാനത്തിലേക്ക് റോപ്പ് വേ ഏർപ്പെടുത്തുന്നതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ;

(ബി) ഇല്ലാത്ത പക്ഷം പമ്പയിൽനിന്ന് സന്നിധാനത്തേക്ക് റോപ്പ് വേ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സാങ്കേതികവും മറ്റുമായ പ്രശ്നങ്ങളെപ്പറ്റി പഠിക്കുവാൻ ഏർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ, ബി) പമ്പയിൽനിന്ന് ശബരിമലയിലേക്ക് റോപ്പ് വേ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വംബോർഡ് 1996-ൽ സാധ്യതാപഠനം നടത്തിച്ചിട്ടുണ്ട്. റോപ്പ് വേ ഏർപ്പെടുത്തുന്നത് ഭാരിച്ച ചെലവുള്ള പദ്ധതിയാകയാലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് വനഭൂമിയും മരം മുറിച്ചു മാറ്റുന്നതിനുള്ള അനുവാദവും ആവശ്യമായതിനാലും, ഈ പദ്ധതി തൽക്കാലം നടപ്പാക്കേണ്ടതില്ല എന്ന് ദേവസ്വം ബോർഡ് തീരുമാനിക്കുകയും വിവരം ഹൈക്കോടതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly